(ബി) ഇതു വഴി വകുപ്പിന്റെ പ്രവർത്തനം എത്ര മാത്രം മെച്ചപ്പെട്ടിട്ടുണ്ട് ;

(സി) ഇൻഷ്വറൻസ് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതിലൂടെ പോളിസി എൻഡോർസ്മെന്റ് റിവൈവൽ, ഡ്യൂപ്ലിക്കേറ്റ് പോളിസി തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വകുപ്പിന്റെ അക്കൗണ്ടിംഗ് സംവിധാനം ഒരു വാണിജ്യസ്ഥാപനത്തിനുതകുംവിധം അക്രൂവൽ ബെയ്സ്ഡ് സിസ്റ്റത്തിലേക്ക് മാറ്റുവാൻ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ സാധിക്കും. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതുവഴി ഉപഭോക്താക്കൾക്ക് വേഗത്തിലും കാര്യക്ഷമമായും വിവിധ സേവനങ്ങൾ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) ഇൻഷ്വറൻസ് ക്ലെയിമുകൾ സമയബന്ധിതമായി നൽകുവാൻ സേവനാവകാശനിയമം നടപ്പിലാക്കിയതിന് പുറമെ ഇ-പെയ്മെന്റ് സംവിധാനവും ആരംഭിച്ചു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന നൽകിയ വായ്പയും കുടിശ്ശികയും

134 (4716) <u>ശ്രീ. പി. സി. ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.-യിൽ നിന്നും വിവിധ സംരംഭങ്ങൾക്കായി എത്ര കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് പേരു സഹിതം വിവരിക്കാമോ ;

(ബി) ഏറ്റവും കൂടുതൽ വായ്പ ഏതു സംരംഭത്തിനാണ് നൽകിയത് ; തുക എത്ര ; എന്നാണ് നൽകിയത് ;

(സി) ഏറ്റവും കൂടുതൽ വായ്പ കുടിശ്ശിക വരുത്തിയിരിക്കുന്ന സ്ഥാപനങ്ങൾ ഏതാണ് ; വിവരിക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിവരിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എഫ്.സി.-യിൽ നിന്നും വിവിധ സംരംഭങ്ങൾക്കായി 29,35,37,26,737.00 രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 'എ' ആയി ഇതോടൊപ്പം വയ്ക്കുന്നു.*

(ബി) കെ.എഫ്.സി. അനുവദിക്കുന്ന പരമാവധി വായ്പ തുക 20 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമാവധി തുക അനുവദിച്ച സംരംഭങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം 'ബി' ആയി ഇതോടൊപ്പം വയ്ക്കുന്നു.*

(സി & ഡി) വായ്പ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും അവയ്ക്കെതിരെ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 'സി' ആയി ഇതോടൊപ്പം വയ്ക്കുന്നു.*

## നിക്ഷേപ താൽപ്പര്യ നിയമം നടപ്പിലാക്കാൻ നടപടി

135 (4717) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡിപ്പോസിറ്റ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ളിഷ്മെന്റ് ബിൽ നിയമമായി നടപ്പിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിക്ഷേപകരെ സംരക്ഷിക്കുവാൻ മറ്റ് ഏതെങ്കിലും ബിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

(എ) 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബില്ലിന് 2015 ജനുവരി 31-ാം തീയതി രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ആയത് 2015-ലെ 7-ാം നമ്പർ, ആക്ടായി 2015 ഫെബ്രുവരി 16-ാം തീയതിയിലെ 364-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.